ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ന് ആരംഭിക്കുന്ന 25-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

   **Prime Minister Narendra Modi to attend the 25th Shanghai Cooperation Organisation Summit starting today.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഇന്ന് രാവിലെ 11 മണിക്ക്.

   **Prime Minister Narendra Modi will share his thoughts with the people in the Mann Ki Baat programme on Akashvani, at 11 AM today.**

3. മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ വളർച്ച നിരക്കിലുണ്ടായ വർദ്ധന ഇന്ത്യയുടെ സുസ്ഥിര സമ്പദ്‌വ്യവസ്ഥയുടെ പ്രതിഫലനമെന്ന് സാമ്പത്തിക വിദഗ്ദ്ധർ.

   **Rise in GDP Growth Rate Reflects India's Stable Economy, Say Economists.**

4. വയനാട്, കോഴിക്കോട് ജില്ലകളിലെ യാത്രാദുരിതം പരിഹരിക്കുന്നത് ലക്ഷ്യമിടുന്ന ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാതയുടെ നിർമാണ പ്രവൃത്തി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

**CM Pinarayi Vijayan to Inaugurate Construction of Anakkampoyil–Meppadi Tunnel Road Today to Ease Travel in Wayanad and Kozhikode.**

5. പതിനാറാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യയ്ക്ക്. ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി സഖ്യത്തിന് വെങ്കലം.

**India Wins Asian Shooting Championship; Satwik-Chirag Duo Win Bronze in Men's Doubles at BWF World Championships.**

&&&&&&&&&&&&&&&&&&&

## HEADLINE 1

## PM CHINA VISIT

ദ്വിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ചൈനയിലെ ടിയാൻജിനിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. ഇന്ന് ആരംഭിക്കുന്ന 25-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. രണ്ട് ദിവസത്തെ ഉച്ചകോടിയിൽ, പ്രാദേശിക സുരക്ഷ, കണക്റ്റിവിറ്റി, സുസ്ഥിര വികസനം, അംഗരാജ്യങ്ങൾ തമ്മിലുള്ള സഹകരണം എന്നിവയുൾപ്പെടെയുള്ള നിർണായക വിഷയങ്ങൾ ചർച്ചയാകും. 20 ലധികം ലോക നേതാക്കളും 10 അന്താരാഷ്ട്ര സംഘടനകളുടെ മേധാവിമാരും SCO ഉച്ചകോടിയിൽ പങ്കെടുക്കും. ജപ്പാൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കിയാണ് ശ്രീ മോദി ചൈനയിലെത്തിയത്.

&&&&&&&&&&&&&&&&&&&

## HEADLINE 2

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ

പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഇന്ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത്ത് കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കൊല്ലത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. തേവള്ളിയിൽ മൻ കി ബാത്ത് പ്രക്ഷേപണത്തോട് അനുബന്ധിച്ചുള്ള പരിപാടിയിൽ കേന്ദ്രസഹമന്ത്രി സംബന്ധിക്കും.

&&&&&&&&&&&&&&&&&&&

## AMIT SHAH-GUJARAT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ അഹമ്മദാബാദിൽ നഗര ആരോഗ്യ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യും. വിവിധ നഗര വനവൽക്കരണ പരിപാടികളിലും അദ്ദേഹം പങ്കെടുക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് കേന്ദ്ര ആഭ്യന്തരമന്ത്രി ഗുജറാത്തിലെത്തിയത്.

&&&&&&&&&&&&&&&&&&&

## RBI - INDIAN ECONOMY

ഇന്ത്യ, ഉടൻ തന്നെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്കിന്റെ വർധനയിൽ പ്രധാനമന്ത്രി ജൻ ധൻ യോജനയുടെ പങ്കിനെ അദ്ദേഹം അഭിനന്ദിച്ചു. ഇൻഡോറിൽ സർക്കാർ നിയന്ത്രണത്തിലുള്ള ബാങ്കുകളുടെ സാമ്പത്തിക

ഉൾപ്പെടുത്തൽ കാമ്പെയ്നായ "സംതൃപ്തി ശിവിർ" പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&

**GDP - REACTIONS**

നടപ് സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ ഇന്ത്യയുടെ ജിഡിപി 7.8 ശതമാനമായി വളർന്നതിൽ അഭിനന്ദനവുമായി വിദഗ്ധർ. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ പ്രകടനം പ്രതീക്ഷക്ക് അപ്പുറത്താണെന്ന് സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫസർ യശ്വിർ ത്യാഗി അഭിപ്രായപ്പെട്ടു. കാർഷിക ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായതായി രാജ്കോട്ടിലെ സൗരാഷ്ട്ര സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസർ സുരേഷ് ജി. പരദ്വ പറഞ്ഞു.

&&&&&&&&&&&&&&&&&&&

**HEADLINE 3**

**GDP GROWTH- INTRO**

മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ വളർച്ച നിരക്കിലുണ്ടായ വർദ്ധന ഇന്ത്യയുടെ സുസ്ഥിര സമ്പദ്വ്യവസ്ഥയുടെ പ്രതിഫലനമാണെന്ന് സാമ്പത്തിക വിദഗ്ദ്ധർ. ശക്തമായ നയരൂപീകരണത്തിനു ജിഡിപി വളർച്ച സഹായകരമാണെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ടെക്നോളജിയിലെ അസ്സോസിയേറ്റ് പ്രൊഫസർ ഷൈജുമോൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&

**HEADLINE 4**

## TUNNEL - CM

കോഴിക്കോട്, വയനാട് അതിർത്തിയിലെ ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമാണ പ്രവൃത്തി ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. താമരശ്ശേരി ചുരത്തിനു ബദലായാണ് 8.73 കിലോമീറ്റർ നീളമുള്ള നാലുവരി തുരങ്കപാത നിർമിക്കുന്നത്. 2,134 കോടി രൂപ പദ്ധതി ചെലവിൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് നിർവഹണ ചുമതല. പദ്ധതിയിൽ ഇരുവഴിഞ്ഞി പുഴക്ക് കുറുകെ രണ്ട് പ്രധാന പാലങ്ങളും മറ്റ് മൂന്ന് ചെറുപാലങ്ങളും ഉൾപ്പെടും.

&&&&&&&&&&&&&&&&&&&

## RATION SHOP

കേരളത്തിൽ എല്ലാ റേഷൻ കടകളും ഇന്ന് തുറന്നു പ്രവർത്തിക്കും. ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണവും സ്പെഷ്യൽ അരിയുടെ വിതരണവും ഇന്ന് പൂർത്തിയാകും. സ്റ്റോക്കെടുപ്പ് കണക്കിലെടുത്ത് നാളെ റേഷൻകടകൾക്ക് അവധിയായിരിക്കും. ചൊവ്വാഴ്ച മുതൽ സെപ്റ്റംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കും. ഒന്നാം ഓണ ദിവസമായ സെപ്റ്റംബർ 4 നും റേഷൻകടകൾ പ്രവർത്തിക്കുന്നതായിരിക്കും.

&&&&&&&&&&&&&&&&&&&

## AMOEBIC MENINGOENCEPHALITIS

കേരളത്തിൽ, അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത കർശനമായി തുടരുന്നു. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകളും ജലസംഭരണ ടാങ്കുകളും വൃത്തിയാക്കാനുള്ള ആരോഗ്യ വകുപ്പിൻറെ ജനകീയ ക്യാമ്പയിൻ ഇന്നുമുണ്ടാകും. തദ്ദേശ

സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുമായി കൈകോർത്ത് "ജലമാണ് ജീവൻ' പരിപാടിയുടെ ഭാഗമായാണ് ശുചീകരണം.

&&&&&&&&&&&&&&&&&&&

## PM - ZELENSKYY CALL

പ്രധാനമന്ത്രി നരേന്ദ്രമോദി യുക്രൈൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയുമായി ടെലിഫോൺ സംഭാഷണം നടത്തി. റഷ്യയുമായുള്ള സംഘർഷം സമാധാനപരമായി പരിഹരിക്കുക എന്ന ഇന്ത്യയുടെ നിലപാട് ആവർത്തിച്ച ശ്രീ മോദി, സാധ്യമായ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. ഇന്ത്യ-യുക്രൈൻ ഉഭയകക്ഷി പങ്കാളിത്തത്തിലെ പുരോഗതിയും ഇരു നേതാക്കളും അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&&

## JAISHANKAR - FINLAND - UKRAINE

യുക്രെയ്ൻ സംഘർഷവുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ഫിൻലാൻഡ് വിദേശകാര്യ മന്ത്രി എലീന വാൾട്ടണനുമായി സംസാരിച്ചു. യുക്രെയ്ൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയെ അന്യായമായി ലക്ഷ്യം വയ്ക്കരുതെന്നതു കേന്ദ്രീകരിച്ചായിരുന്നു ചർച്ചയെന്ന് ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

## WAVE X LAUNCH

അനിമേഷൻ ഗെയിമിംഗ് തുടങ്ങിയവ സംബന്ധിച്ച എ.വി.ജി.സി-എക്സ്ആർ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഐ.ഐ.സി.ടി മുംബൈയും വേവ് എക്സും മീഡിയ ടെക് ഇൻക്യുബേറ്റർ ആരംഭിച്ചു. രെജിസ്ട്രേഷന് സെപ്റ്റംബർ 7 നകം

അപേക്ഷിക്കണം. ആദ്യ ബാച്ചിൽ 15 സ്റ്റാർട്ടപ്പുകൾക്കാണ് അവസരം.

&&&&&&&&&&&&&&&&&&&

## RAJNATH SINGH -INTRO

ഇന്ത്യൻ സേനയ്ക്ക് വിദേശ വിതരണ ശൃംഖലകളെ പൂർണമായി ആശ്രയിക്കാൻ സാധിക്കില്ലെന്നും വിവിധ സൈനിക നവീകരണ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. നോയിഡയിൽ ഒരു സ്വകാര്യ എയ്റോ എഞ്ചിൻ പരീക്ഷണ കേന്ദ്രത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ശക്തമായ തദ്ദേശീയ വ്യോമ എഞ്ചിൻ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ രാജ്യത്ത് അതിവേഗം പുരോഗമിക്കുകയാണെന്നും രാജ്യരക്ഷാ മന്ത്രി അറിയിച്ചു.

( വോയിസ്.....)

&&&&&&&&&&&&&&&&&&&

## HEADLINE 5

## SHOOTING - ASIAN CHAMPIONSHIP

പതിനാറാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ് ഇന്ത്യയ്ക്ക്. കസാക്കിസ്ഥാനിലെ ഷിംകെന്റിൽ നടന്ന മത്സരത്തിൽ 50 സ്വർണ്ണവും 26 വെള്ളിയുമായി ആകെ 99 മെഡലുകൾ നേടിയാണ് ഇന്ത്യ ചരിത്ര നേട്ടം കൈവരിച്ചത്. മെഡൽ പട്ടികയിൽ കസാക്കിസ്ഥാൻ രണ്ടാം സ്ഥാനത്തും ചൈന മൂന്നാം സ്ഥാനത്തുമെത്തി.

&&&&&&&&&&&&&&&&&&&

## HEADLINE 5 A

## REV. NT. BADMINTON

ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി സഖ്യത്തിന് വെങ്കല മെഡൽ. പാരീസിൽ നടന്ന സെമി ഫൈനലിൽ ചൈനയുടെ ചെൻ ബോ യാങ്, ലിയു യി സഖ്യത്തോടാണ് ഇന്ത്യൻ താരങ്ങൾ പരാജയപ്പെട്ടത്.

&&&&&&&&&&&&&&&&&&&

## US OPEN- TENNIS

യുഎസ് ഓപ്പൺ ടെന്നീസ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ യുകി ഭാംബ്രിയും ന്യൂസിലൻഡിന്റെ മൈക്കൽ വീനസും ആദ്യ റൗണ്ടിൽ വിജയിച്ചു . പുരുഷ സിംഗിൾസ് പ്രീ-ക്വാട്ടറിൽ ഇന്ന് കാർലോസ് അൽകാരസ്, നൊവാക് ജോക്കോവിച്ച് , വനിതാ സിംഗിൾസിൽ അരിന സബലെങ്ക, നവോമി ഒസാക്ക, കൊക്കോ ഗൗഫ് എന്നിവർ മത്സരിക്കും.

&&&&&&&&&&&&&&&&&&&

## KCL MATCH

കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ നടന്ന മത്സരങ്ങളിൽ കൊച്ചി ബ്ലൂ ടൈഗേഴ്സീനും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസിനും ജയം. തൃശൂർ ടൈറ്റൻസിനെ ആറ് വിക്കറ്റിനാണ് കൊച്ചി ബ്ലൂ ടൈഗേഴ്സ് പരാജയപ്പെടുത്തിയത്. ട്രിവാൺഡ്രം റോയൽസിനെതിരെ 13 റൺസിനായിരുന്നു കാലിക്കറ്റിൻ്റെ വിജയം.

&&&&&&&&&&&&&&&&&&&

## INDIA-UAE

കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ, യുഎഇയുടെ വിദേശ വ്യാപാര മന്ത്രിക്കൊപ്പം, മുംബൈയിൽ വ്യവസായ പ്രമുഖരുടെ

സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഹരിത ഊർജ്ജം, നിർമ്മിത ബുദ്ധി, ഫിൻടെക്, ഭക്ഷ്യസുരക്ഷ തുടങ്ങിയ മേഖലകളിലെ സഹകരണത്തിലൂടെ ഇന്ത്യ-യുഎഇ വ്യാപാര, നിക്ഷേപ പങ്കാളിത്തം കൂടുതൽ മെച്ചപ്പെടുത്താനുള്ള സാധ്യതകളും ശ്രീ ഗോയൽ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&&

## ASEAN-INDIA YOUTH SUMMIT

ആസിയാൻ-ഇന്ത്യ യുവജന ഉച്ചകോടിയ്ക്ക് ഇന്ന് ഗോവയിൽ സമാപനം. "യുവജനങ്ങളെ ബന്ധിപ്പിക്കൽ: നമ്മുടെ ഭാവി രൂപപ്പെടുത്തൽ" എന്ന പ്രമേയത്തിൽ നടന്ന ഉച്ചകോടിയിൽ 100-ലധികം യുവ നേതാക്കൾ പങ്കെടുത്തു. ഗോവ സർക്കാർ, ഇന്ത്യ ഫൗണ്ടേഷൻ, ആസിയാൻ ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ വിദേശകാര്യ മന്ത്രാലയമാണ് ആസിയാൻ-ഇന്ത്യ യുവജന ഉച്ചകോടിയുടെ അഞ്ചാമത് പതിപ്പ് സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&&

## IMD

രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളം, ആന്ധ്രാപ്രദേശ്, കർണാടക, ഒഡീഷ, തെലങ്കാന എന്നിവിടങ്ങളിലും ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ട്. ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&&

## HOUTHIS-PM KILLED

യെമൻ തലസ്ഥാനമായ സനായിൽ ഇസ്രായേൽ വ്യോമാക്രമണത്തിൽ ഹൂത്തി പിന്തുണയുള്ള സർക്കാരിന്റെ പ്രധാനമന്ത്രി അഹമ്മദ് അൽ-റഹാവിയും നിരവധി മന്ത്രിമാരും കൊല്ലപ്പെട്ടതായി വിവരം. ഒരു ഔദ്യോഗിക യോഗത്തിനിടെയാണ് ആക്രമണമെന്ന് യെമനിലെ ഹൂത്തി ഗ്രൂപ്പ് അറിയിച്ചു. ഈ ആഴ്ച ആദ്യം മുതൽ, സനയിലുടനീളം ഇസ്രായേൽ നടത്തിയ ആക്രമണങ്ങളിൽ 10 പേർ കൊല്ലപ്പെടുകയും 102 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&